ഒരു സംസ്ഥാന പദ്ധതി നിലവിലുണ്ട്. ഇപ്രകാരം 55 വയസ്സിനു മുകളിൽ പ്രായമുള്ള സാധുവൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നുണ്ട്. ഓരോ അന്തേവാസിക്കും പ്രതിമാസം 100 രൂപ നിരക്കിൽ ഗ്രാന്റ് നൽകിവരുന്നു. വൃദ്ധ ജനങ്ങളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും ഗ്രാന്റ് നൽകുന്ന ഒരു പദ്ധതിയും നിലവിലുണ്ട്.

## അനാഥാലയങ്ങളുടെ പ്രവർത്തനം

**43 (1386)**ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ മേഖലയിലുള്ള അനാഥാലയങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അനാഥാലയങ്ങളിലോരോന്നിലുമുള്ള അംഗസംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ അനാഥാലയത്തിനും സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽനിന്നും എന്തു തുക പ്രതിവർഷം ലഭിക്കുന്നു എന്നതിന്റെ കണക്ക് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) അനാഥാലയങ്ങളിൽ ഓഡിറ്റ് നടത്തുന്നതാരാണ്; ഏതെങ്കിലും ഓഡിറ്റ് റിപ്പോർട്ടിൽ അനാഥാലയങ്ങളിൽ അഴിമതി നടന്നതായി പറയുന്നുണ്ടോ; എങ്കിൽ ഏതൊക്കെ അനാഥാലയങ്ങൾ ആണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ അധീനതയിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതുമായ അനാഥാലയങ്ങളുടെ ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു.†

(ബി)&(സി) വിവരം രേഖരിച്ചു നൽകുന്നതാണ്.

(ഡി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ് അനാഥാലയങ്ങളുടെ ആഡിറ്റ് നടത്തുന്നത്. ആഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും അനാഥാലയങ്ങളിൽ അഴിമതി നടന്നതായിട്ടുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## അനാഥാലയങ്ങളുടെ ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി

**44 (1387)**ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അനാഥാലയങ്ങളിലേയും വൃദ്ധമന്ദിരങ്ങളിലെയും അന്തേവാസികൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ ചെലവുകൾക്ക് പ്രതിമാസം അനുവദിച്ചു വരുന്ന ഗ്രാന്റ് എത്ര യാണ്; ഈ തുക അപര്യാപ്തമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ തുകയിൽ കാലാനുസൃതമായ വർദ്ധന ഏർപ്പെടു ത്തുമോ;

(സി) അനാഥമന്ദിരങ്ങളിലെ അന്തേവാസികൾ ഒന്നുകിൽ അനാ ഥരോ 3600/- രൂപയിൽ കവിയാത്ത കുടുംബവാർഷിക വരുമാനമുള്ളവരോ ആയിരിക്കണമെന്ന് നിഷ്ക്കർഷിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ഏതു വർഷമാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ഡി) ഇത് പരിഷ്ക്കരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങ ളിലെ അംഗങ്ങളിൽ നിന്നുള്ള അർഹരായവർക്ക് അനാഥാലയങ്ങളിൽ പ്രവേ ശനം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 100/- രൂപ നിരക്കിൽ ഗ്രാന്റ് നൽകി വരുന്നു. സർക്കാർ സ്ഥാപനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപ സംരക്ഷണ ചെലവും, വസ്ത്രം, കിടക്ക, മരുന്ന് എന്നിവയ്ക്കായി പ്രതി വർഷം 200 രൂപയും നൽകിവരുന്നു. ഈ തുക അപര്യാപ്തമാണെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് തൽക്കാലം വർദ്ധിപ്പി ക്കാൻ നിർവ്വാഹമില്ല.

(സി) 31-10-1992-ലെ ജി.ഒ.(പി)37/92/സാ.ക്ഷേ.വ. നമ്പർ ഉത്തരവു പ്രകാരം.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## അനാഥാലയങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റ്

**45 (1388)** ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അനാഥാലയങ്ങളിലെയും വൃദ്ധമന്ദിരങ്ങളി ലെയും അന്തേവാസികൾക്ക് അനുവദിച്ചു വരുന്ന പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പി ക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) അന്തേവാസികളുടെ സംരക്ഷണ ചെലവിന്റെ വർദ്ധനവ് പരിഗ ണിച്ച് ഇവരുടെ ഗ്രാന്റ് പ്രതിമാസം 600 രൂപയായി ഉയർത്താൻ നടപടി സ്വീക രിക്കുമോ?

ഉത്തരം

(എ)&(ബി) അനാഥാലയങ്ങളിലെയും വൃദ്ധമന്ദിരങ്ങളിലെയും അന്തേ വാസികളുടെ പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണ നയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly